**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4459** **10-08-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | കാർഷിക സേവന കേന്ദ്രങ്ങളുടെ രൂപീകരണം എന്ന പദ്ധതി പ്രകാരം ഒരു ബ്ലോക്കിന് ഒരു അഗ്രോ സർവ്വീസ് സെന്ററാണ് അനുവദിക്കുന്നത്. പാറശ്ശാല നിയോജക മണ്ഡലത്തിൽ ആര്യൻകോട് ബ്ലോക്കിൽ പെരുങ്കടവിളയിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ 2019-20-ൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഒരു കാർഷിക കർമ്മസേനയും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പുതുതായി അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ബ്ലോക്ക് അടിസ്ഥാനത്തിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ അഗ്രോ സർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നറിയപ്പെടുന്നു. കാർഷിക സേവന കേന്ദ്രങ്ങൾക്ക് വേണ്ടുന്ന ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 വിസ്തീർണ്ണമുള്ള മുറിയും, മെഷിനറി സൂക്ഷിക്കുന്നതിന് 200m2 സ്ഥലസൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കിനാണ് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുക. അതതു ജില്ലകളിലെ ആത്മ പ്രോജക്ട് ഡയറക്ടർ പരസ്യം നൽകി ഏത് ബ്ലോക്കിലാണ് കൃഷിശ്രീ സെന്ററുകൾ ആവശ്യം എന്നതനുസരിച്ച് പുതിയവ അനുവദിക്കുന്നു.ഒരു ബ്ലോക്കിൽ ഒരു കൃഷിശ്രീ സെന്റർ മാത്രമേ അനുവദിക്കുകയുള്ളൂ. |
| (സി) | പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | പെരുങ്കടവിള ബ്ലോക്കിലെ കാർഷിക സേവനകേന്ദ്രത്തിന്റെ വിപുലീകരണത്തിന് ബിസിനസ് പ്ലാൻ തയ്യാറാക്കി സ്ഥലം എം.എൽ.എ അധ്യക്ഷനായ ബ്ലോക്ക് തല ഉപദേശക സമിതിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് നടപ്പാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ